പുതുക്കാടും, മാളയിലും പഞ്ചായത്തുകളിൽ ഈ വ്യവസ്ഥകളൊന്നും പാലിക്കാതെതന്നെ അവിടെയൊക്കെ ട്രാൻസ്പോർട്ട് ബസ്സ്റ്റേഷനുകൾ ആരംഭിച്ചു. അതുകൊണ്ടാണ് ഇത് രാഷ്ട്രീയ പകപോക്കലാണെന്ന് ഞാൻ പറഞ്ഞത്. പുതുക്കാടും, ആമ്പല്ലൂരും രണ്ട് കിലോമീറ്ററിനകത്ത് രണ്ട് ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ ആരംഭിച്ച നടപടിയാണ് ഈ സർക്കാർ കൈക്കൊണ്ടത്. അതുകൊണ്ട് മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമായ ഇരിങ്ങാലക്കുടയിൽ വളരെയേറെ പ്രധാന്യമുള്ള സ്ഥലത്ത് ട്രാൻസ്പോർട്ട് സ്റ്റേഷൻ ഉടൻതന്നെ ആരംഭിക്കണമെന്ന് മന്ത്രി ഇവിടെ ഉറപ്പു തരേണ്ടതാണ്.

ശ്രീ. പി. കെ. വേലായുധൻ : കഥയറിയാതെ ശ്രീ. നമ്പാടൻ ആട്ടം കാണുകയാണ്, A Local Bus Station Action Council has been constituted with the Municipal Chairman Shri M. P. Kochudevassia as President. The Committee unanimously resolves to collect a sum of Rupees Two Lakhs as public contribution and to take urgent step for filling up the road level and also to construct the semi-permanent shed.

സർ, ഇത് ശ്രീ. ലോനപ്പൻനമ്പാടൻ മന്ത്രിയായിരുന്നപ്പോഴും അദ്ദേഹം കൂടി കണ്ട ഫയലാണ്. ഇത് എന്നെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ പകപോക്കലായിട്ട് അദ്ദേഹം ചിത്രീകരിക്കുന്നത് തെറ്റാണ്. ഈ സഭയുടെ മേശപ്പുറത്ത് ഞാൻ ഈ ഫയൽ വയ്ക്കാൻ തയ്യാറാണ്.

ശ്രീ. ലോനപ്പൻനമ്പാടൻ : മണ്ണിട്ടുനികത്താനും, റോഡ് നിരപ്പാക്കാനും വേണ്ടിയാണ് ആ കാശ്.

(2) കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ടു പ്രദേശത്തിൽ നിന്നും കുടിഒഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്ത് താമസിച്ചിരുന്ന 500-ഓളം കുടുംബങ്ങളെ ഗവൺമെന്റ് തന്നെ നേരിട്ട് കുടിയൊഴിപ്പിച്ച്, എന്റെ നിയോജകമണ്ഡലത്തിൽ കുളത്തൂപ്പുഴ കല്ലുവെട്ടാംകുഴി എന്ന സ്ഥലത്ത് മാറ്റിപാർപ്പിച്ചിരിക്കുകയാണ്. കല്ലട ജലസേചന പദ്ധതിയെന്നു പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയൊരു ജലസേചന പദ്ധതിയാണ്. 13 കോടി രൂപ അടങ്കലിൽ 1964-ൽ തുടങ്ങിയ പദ്ധതി, 1986-ൽ 200 കോടി രൂപ മുടക്കി ഭാഗികമായി കമ്മീഷൻ നടത്തിയിരിക്കുകയാണ്. 1964-ൽ 13 കോടി രൂപ അടങ്കലിൽ ഈ പദ്ധതി തുടങ്ങുന്നതിനു വളരെ വർഷങ്ങൾക്ക് മുമ്പ് ഏകദേശം 100 വർഷങ്ങൾക്കു മുമ്പ് ഈ കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ടു പ്രദേശത്ത് കുടിൽക്കെട്ടി കൃഷിചെയ്ത് ഭേഷ്ണ്ഡങ്ങൾ നട്ടുപിടിപ്പിച്ച് ജീവിച്ചു വന്നിരുന്ന പാവപ്പെട്ട 500-ഓളം കുടുംബങ്ങൾ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ തുടങ്ങിയപ്പോൾ ഗവൺമെന്റ് മാറ്റി പാർപ്പിക്കാൻ തീരുമാനിച്ചു. ആ തീരുമാനമെടുത്ത അവസരത്തിൻ ഗവൺമെന്റിന്റെ പക്കൽ ഇവർക്ക് പകരമായി കൊടുക്കാൻ ഭൂമിയില്ലായിരുന്നു. ഭവനഭൂമി കൊടുക്കാനില്ലാത്ത പശ്ചാത്തലത്തിൽ കുളത്തൂപ്പുഴയിൽ കല്ലുവെട്ടാംകുഴി

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറയുന്ന പ്രദേശത്ത് വനഭൂമി ഇവർക്കുവേണ്ടി കൊടുക്കാൻ ഗവൺമെൻറ് തീരുമാനമെടുത്തു. കൃഷിക്കാരുടെ വളരെയധികം എതിർപ്പുകളും സമരങ്ങളുമൊക്കെയുണ്ടായി. അതിനെതുടർന്ന് മുഖ്യമന്ത്രി, ജലസേചന വകുപ്പുമന്ത്രിയേയും പങ്കെടുപ്പിച്ചുകൊണ്ട് വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസിൽ ഇവരെയെല്ലാപേരേയും, കുളത്തുപ്പുഴയിൽ പ്രവേശിപ്പിക്കാനും അവിടെ താമസിപ്പിക്കുവാനും തീരുമാനിച്ചു. അവർക്ക് 12 സെൻറ് ഭൂമി മാത്രം കൊടുക്കുവാനാണ് അന്ന് തീരുമാനമെടുത്തത്. ഇന്നുവരെ അവർ സമ്പാദിച്ചതും, അവർ ജീവിതത്തിൽ ഇത്രയും കാലം നട്ടുപിടിപ്പിച്ചതുമെല്ലാം നഷ്ടപ്പെട്ടു. ഇന്നിനും ആശയ്ക്ക് വകയില്ലാതെ മുകളിലോട്ടു നോക്കിയാൽ ആകാശം കീഴോട്ടുനോക്കിയാൽ 12 സെൻറ് ഭൂമിമാത്രം ഇതാണ് ഇന്ന് അവരുടെ സ്ഥിതി. അവർക്ക് ഈ ഭൂമി കൊടുത്ത ഗവൺമെൻറ് ഒരു കൊച്ചു കുറവയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്തില്ല. നമ്മുടെ ഭവന നിർമ്മാണ വകുപ്പുമന്ത്രി സംസ്ഥാനത്തെ മുഴുവൻ ദുർബലവിഭാഗങ്ങൾക്കും വീടു വച്ചുകൊടുക്കുവാനുള്ള സമഗ്രമായ പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കുമ്പോൾ എന്നെ നിയോജകമണ്ഡലത്തിലെ കുളത്തൂപ്പുഴയിൽ 500-ഓളം കുടുംബങ്ങൾ കൂരയില്ലാതെ, കയറിക്കിടക്കാനൊരിടമില്ലാതെ, അന്തി ഉറങ്ങാനിടമില്ലാതെ വിഷമിക്കുകയാണ്. അവർക്ക് വീട് വച്ച്കൊടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. വീടുവയ്ക്കാൻ അപേക്ഷകൊടുക്കാൻ പട്ടയമില്ല, അവരുടെ പേരിൽ കരംതീരുവയില്ല. എന്താണ് പട്ടയം കിട്ടാത്തത് എന്നന്വേഷിച്ചാൽ പട്ടയം കൊടുക്കാൻ നിവൃത്തിയില്ലാ എന്നു പറയും. ഡമോക്ലീസിന്റെ വാള് പോലെ, ഇതിന്റെ മുകളിൽ കേന്ദ്ര വന സംരക്ഷണ നിയമം നിൽക്കുന്നു. അതിനൊരു പരിഹാരമുണ്ടാക്കണം. അവർക്ക് ഭൂമി ഉണ്ടാകണം, അവിടെ മറ്റ് യാതൊരു സൗകര്യവുമില്ല. സ്കൂൾ വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യവുമില്ല, ഗതാഗത സൗകര്യമില്ല, ആശുപത്രി സൗകര്യം പോലുമില്ല. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം ഗവൺമെൻറ് അന്ന് ഉറപ്പുകൊടുത്ത 400-ഓളം കുടുംബങ്ങൾക്ക് 12 സെൻറ് ഭൂമിവീതം കൊടുത്തെങ്കിലും 18-ഓളം കുടുംബങ്ങൾ ഇന്ന് വഴിയാധാരമാണ്. അവർക്ക് ഭൂമി കൊടുക്കാമെന്ന് പറഞ്ഞെങ്കിലും ഇന്നുവരെ ഒരു സെൻറ് ഭൂമിപോലും കൊടുത്തിട്ടില്ല. അവർ കടത്തിണ്ണയിലും മറ്റും യാതൊരു ലക്ഷ്യവുമില്ലാതെ അലഞ്ഞുതിരിയുകയാണ്. അവർക്ക് ഭൂമി കൊടുക്കണം, പട്ടയം കൊടുക്കണം. ഒരു സെൻറ് ഭൂമിയെങ്കിലും സ്വന്തം പേരിൽ പട്ടയമുള്ള ആളുകൾക്ക് കേന്ദ്രഗവൺമെൻറും മറ്റു ധനകാര്യ സ്ഥാപനങ്ങളും വായ്പ ഇഷ്ടം പോലെ വാരിക്കോരികൊടുക്കുന്നു, എന്നാൽ ഇവർക്ക് വായ്പ കിട്ടുന്നില്ല. അതിനവർക്ക് അർഹതയില്ല. ഇവർക്ക് വീട് വയ്ക്കാൻ വായ്പ കൊടുക്കാൻ, അടിയന്തിര നടപടി സ്വീകരിക്കണം. അവർക്ക് യാത്രാ സൗകര്യവും വ്യദ്യാഭ്യാസ സൗകര്യവും, ആശുപത്രി സൗകര്യവും ഉണ്ടാക്കിക്കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനം വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കല്ലട ജലസേചന പദ്ധതിക്കുവേണ്ടി സ്ഥലമെടുത്തവരെ ഇറക്കിവിട്ടു. അവർക്ക് പകരം സ്ഥലം കൊടുക്കണമെന്ന ആവശ്യം വർഷങ്ങളായി നിലനില്ക്കുകയായിരുന്നു. പകരം സ്ഥലം കൊടുക്കുവാൻ സ്ഥലം കണ്ടെത്താൻ വലിയൊരു ശ്രമം നടത്തുകയായിരുന്നു. സ്ഥലം കൊടുത്തത് 28-3-1985-ൽ മാത്രമാണ്. 28-3-1985-ൽ വർഷങ്ങളായി നിലനിന്ന ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കി. അവർക്ക് ഉദ്ദേശിച്ച സ്ഥലം മുഴുവനും കൊടുക്കാൻ കഴിഞ്ഞില്ല. എങ്കിലും 407 കുടുംബങ്ങൾക്ക് 12 സെൻറ് സ്ഥലവും 1000 രൂപയും വീതം കൊടുത്തു. പിന്നെ 18 കുടുംബങ്ങളുടെ പ്രശ്നം അവശേഷിക്കുന്നു. അവർക്ക് സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്താനുള്ള ബുദ്ധിമുട്ടാണ് ഉണ്ടായത്. 1980-ന് മുമ്പ് ക്ലീയർ ഫെല്ലിങ് ചെയ്ത ഭൂമിയായതുകൊണ്ടാണ് സ്ഥലം കൊടുക്കാൻ കഴിഞ്ഞത്. 1980-ന് മുമ്പ് അവിടന്ന് മരങ്ങൾ വെട്ടിമാറ്റിയിരുന്നു. എന്നാലിപ്പോഴും അതിന് പട്ടയം കൊടുക്കാൻ നിവൃത്തിയില്ല. റിക്കാർഡിൽ വനഭൂമിയാണ്. അതുകൊണ്ട് പട്ടയം കൊടുക്കാൻ നിവൃത്തിയില്ല. സുരേന്ദ്രൻപിള്ള പറഞ്ഞ മുഖ്യമായൊരു പ്രശ്നം പട്ടയമില്ലാത്തതുകൊണ്ട് വീടുവയ്ക്കാൻ കഴിയില്ലെന്നാണ്. ഗവൺമെന്റ് വിതരണം ചെയ്ത ഭൂമിയിൽ, അത് ജനങ്ങൾക്ക് അറിഞ്ഞുകൊണ്ട് കൊടുത്ത ഭൂമിയായതുകൊണ്ട് പട്ടയം ഇല്ലെങ്കിലും ആ പൊസ്സഷൻ സർട്ടിഫിക്കറിന്റെ അടിസ്ഥാനത്തിൽ അവിടെ വീടു വച്ചു കൊടുക്കാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതാണ്. വായ്പയും ഗ്രാന്റും കൊടുക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നതാണെന്ന് മെമ്പറെ അറിയിക്കുകയാണ്. ബാക്കിയുള്ള 18 കുടുംബങ്ങളുടെ പ്രശ്നവും അടിയന്തിരമായി കൈകാര്യം ചെയ്യുന്നതാണ്. ഈ പ്രശ്നത്തിന് ഒരു കൊല്ലം മുമ്പ് മാത്രമാണ് പരിഹാരം ഉണ്ടാക്കിയതെന്നുള്ള കാര്യം മെമ്പറുടെ ശ്രദ്ധയിൽ പ്രത്യേകം കൊണ്ടുവരികയാണ്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : ബാക്കിയുള്ള 18 പേർക്ക് ഭൂമി കൊടുക്കാൻ ഭൂമിയില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. റവന്യൂഭൂമി കുളത്തൂപ്പുഴ പഞ്ചായത്തിലുള്ളത് ചൂണ്ടിക്കാട്ടിയാൽ, ജലസേചനവകുപ്പുമായി ബന്ധപ്പെട്ട ആ ഭൂമി ഏറ്റെടുത്ത് ആ പാവപ്പെട്ട ആളുകൾക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, അതും പരിശോധിക്കുന്നതാണ്.

ശ്രീ. ഒ. ഭരതൻ : സർ, നിയമസഭ നടപടിക്രമം 404-ാം ചട്ടപ്രകാരം ഒരാൾ സബ്മിഷനുവേണ്ടി എഴുതിക്കൊടുത്താൽ അയാൾ സഭയിൽ ഹാജരാകാതെ മന്ത്രിക്ക് മറുപടി പറയാം. അങ്ങനെ മുഖ്യമന്ത്രി മറുപടി കൊടുക്കേണ്ടതായിരുന്നു. അങ്ങനെ പറയാതെ ഇന്ന് അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചത് ശരിയല്ല. അതുകൊണ്ട് ശ്രീമതി ഗൗരിയമ്മയ്ക്ക് ആ പ്രശ്നമുന്നയിക്കാൻ സൗകര്യം കൊടുക്കണം.

ഡെപ്യൂട്ടി സ്പീക്കർ : അടിയന്തിര പ്രമേയത്തിനുള്ള അനുമതി നിഷേധിച്ചുകൊണ്ടുള്ള റൂളിംഗ് ചെയർ നേരത്തേ നൽകി കഴിഞ്ഞു. ഇനി ആ പ്രശ്നം ഉന്നയിക്കുന്നത് ശരിയല്ല.

ശ്രീ. പി. സീതിഹാജി : റൂളിംഗ് ചെയർ നൽകി കഴിഞ്ഞു.....
.....(ബഹളം)

ഡെ. സ്പീക്കർ : അവർ സീറ്റിലില്ലാത്തതുകൊണ്ടാണ് ഉത്തരം പറയാതിരുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ പറഞ്ഞിട്ടാണ് പോയത്. ഞാനിവിടെ ഉണ്ടാകുകയില്ലെന്നും ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നതാണ്. ഉച്ച കഴിഞ്ഞ് വരുമെന്നും പറഞ്ഞതാണ്. ആ വിധത്തിൽ പറഞ്ഞു കഴിഞ്ഞതിനു ശേഷം ഞാൻ സ്ഥലത്തുപോയി അന്വേഷിച്ച് സ്ഥിതി അടിയന്തിരമാണെന്നും കണ്ടുകൊണ്ടാണ് അടിയന്തിര പ്രമേയം അവതരിപ്പിക്കാൻ അനുവാദം ചോദിച്ചത്. ഞാൻ സ്ഥിതിയെപ്പറ്റി എന്താണെന്നും പറഞ്ഞില്ല. ഡെ. സ്പീക്കർ

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയൊരു നിലപാടെടുക്കാൻ പറ്റുകയില്ല. എന്താ കാര്യമെന്ന് ഞാൻ പറഞ്ഞില്ല. അതുകൊണ്ട് അടിയന്തിരപ്രമേയത്തിന്റെ പ്രസക്തി പോയെങ്കിലും സബ്മിഷൻ ഉന്നയിക്കാൻ അനുവാദം നൽകണമെന്നു ആവശ്യപ്പെട്ടപ്പോഴും മന്ത്രിക്ക് വിവരമില്ലെന്നാണ് പറഞ്ഞത്.

ഡെ. സ്പീക്കർ : സബ്മിഷൻ ഉന്നയിച്ച കാര്യമായിരുന്നു അത്.

ശ്രീമതി കെ. ആർ. ഗൗരി : സർ, സബ്മിഷൻ ഉന്നയിച്ചില്ല. സബ്മിഷൻ ഉന്നയിക്കാൻ പറഞ്ഞപ്പോഴും മന്ത്രിക്ക് വിവരമില്ലെന്നാണ് പറഞ്ഞത്. ഇങ്ങനെ സബ്മിഷൻ അനുവദിക്കുകയില്ല, അടിയന്തിര പ്രമേയം അനുവദിക്കുകയില്ല. എന്താ കാര്യം എന്ന് അറിയണ്ടേ ? ഇത് അറിയണം.

ഡെ. സ്പീക്കർ : നേരത്തെ പറഞ്ഞു കഴിഞ്ഞു, അതിനെക്കുറിച്ച് ഒരു ചർച്ച ചെയർ അനുവദിക്കുന്നില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നത് ശരിയാണോ ?

ഡെ. സ്പീക്കർ : ഇതിനെ കുറിച്ചുള്ള ചർച്ച ഇപ്പോഴും ചെയർ അനുവദിക്കുന്നില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, സ്പീക്കർ റൂളിംഗ് കൊടുത്തു കഴിഞ്ഞു. പിന്നെയെന്തിനാണ് അതിനെക്കുറിച്ച് ചർച്ച.

ശ്രീ. ബേബി ജോൺ : സർ, സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷെ ഈ പ്രശ്നം അവതരിപ്പിക്കാൻ ഒരു അവസരം കൊടുക്കേണ്ടേ, അങ്ങനെ പറഞ്ഞത് സബ്മിഷനു നോട്ടീസ് തന്നിരുന്നു എന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ഇല്ലാതിരുന്നതുകൊണ്ട് ഒരു ദിവസം മാറിവച്ചു. അടിയന്തിര പ്രമേയത്തിനു അവതരണാനുമതി കൊടുത്തതാണ്. ഇത് ഉന്നയിക്കാനുള്ള അവസരം അങ്ങ് കൊടുക്കണം. അതിനു മുഖ്യമന്ത്രി മറുപടി പറയുകയും വേണം.....(ബഹളം).....

ഡെപ്യൂട്ടി സ്പീക്കർ : ഞാൻ പറഞ്ഞത് സബ്മിഷൻ എഴുതിത്തന്നിരുന്നു എന്നാണ്. അതിനു മറുപടിയുമായി മുഖ്യമന്ത്രി വന്നിരുന്നു. .....(ബഹളം).....

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ഇന്നലെ ഉണ്ടാകുകയില്ലെന്ന് ഇവിടത്തെ സ്റ്റാഫിനെ വിവരം അറിയിച്ചിരുന്നു. അവർ അത് അങ്ങയെ അറിയിക്കണം, മുഖ്യമന്ത്രിയെ അറിയിക്കണം. ഇത് എന്റെ കുറ്റമാണോ ? .....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അടിയന്തിരപ്രമേയത്തെ സംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകിക്കഴിഞ്ഞു. എന്നാൽ ബഹുമാനപ്പെട്ട മെമ്പർക്ക് റൂൾ 304 അനുസരിച്ച് പ്രശ്നം ഉന്നയിക്കുന്നതിന് അങ്ങ് ഒരു സമയം നിശ്ചയിച്ചുകൊടുത്താൽ ഗവൺമെന്റിനു വിരോധമില്ല.

ഡെപ്യൂട്ടി സ്പീക്കർ : എന്നാൽ ഇന്ന് അവസാനം സമയം കൊടുക്കാം. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly